# 2

# യേശുവിന്റെ കണ്ണീരിന്റെ ആശ്വാസം

## “യേശു കണ്ണുനീർ വാർത്തു”

## (യോഹന്നാൻ 11:35)

### എഡി ക്ലോയെർ

ദൈവമായ ക്രിസ്തു പൂർണ്ണ മനുഷ്യൻ ആയിരുന്നു. അവൻ സംസാരത്തിൽ പാപം ഇല്ലാതെയും പ്രവൃത്തിയിൽ കുറ്റമില്ലാതെയുമിരുന്നു. അവൻ തന്റെ ചുണ്ടിലൂടെ സത്യം വ്യക്തമാക്കിയതുപോലെ തന്നെയാണ് ജീവിതത്തിലൂടെ സത്യം ബോധ്യമാക്കിയത്.

ലാസറിന്റെ കല്ലറക്കൽ ചെന്നു യേശു കണ്ണുനീർ വാർത്തു എന്നു യോഹന്നാൻ 11:35 പറയുന്നു. തന്റെ സ്നേഹിതന്മാർ തങ്ങളുടെ വേണ്ടപ്പെട്ടവന്റെ വേർപാടിൽ കരയുന്നതുകണ്ടപ്പോൾ ആ നീതിമാന്റെ മനസ്സലിഞ്ഞു.

ക്രിസ്ത്യാനിക്കു വലിയ ആശ്വാസം നല്കുന്നതാണ് യേശു നല്കുന്ന കണ്ണുനീർ. യേശുവിന്റെ കണ്ണുനീർ എന്താണ് പഠിപ്പിക്കുന്നത്?

### I. യേശു നമ്മുടെ വേദന കാണുന്നു

യോഹന്നാൻ എഴുതി, “അവൾ [മറിയ] കരയുന്നതും, അവളോടുകൂടെ വന്ന യെഹൂദന്മാർ കരയുന്നതും, യേശു കണ്ടിട്ടു, ഉള്ളം നൊന്തു, കലങ്ങി” (യോഹന്നാൻ 11:33).

നമ്മുടെ ദുഃഖാവസ്ഥയുടെ ആഴം യേശു കാണുന്നുണ്ട് എന്നറിയുമ്പോൾ നമ്മുടെ ഭാരം ലഘൂകരിക്കും. അതേ പരീക്ഷണം അനുഭവിച്ച ഒരാൾ, “നിങ്ങൾ കടന്നു പൊയ്ക്കൊണ്ടിരിക്കുന്നതു എനിക്കു മനസ്സിലാകും,” എന്നു പറയുമ്പോൾ പരിചയമില്ലാത്ത ആളിന്റെ വെറും പൊള്ളയായ വാക്കിനേക്കാൾ കൂടുതൽ പ്രോത്സാഹനം അതു നമുക്കു നൽകുന്നതായി തോന്നും.

### II. യേശു തന്റെ ശിഷ്യന്മാരോടു സഹതാപം കാണിക്കും

നാലു ദിവസം ആയ കല്ലറയിൽ നിന്നു ഏതാനും നിമിഷങ്ങൾക്കകം ലാസറിനെ ഉയിർപ്പിക്കുവാനിരിക്ക കൊണ്ട്, യേശു ലാസറിനെ ചൊല്ലിയല്ല കരഞ്ഞത്. അവൻ കരഞ്ഞതു മാർത്തയോടും മറിയയോടും ഉള്ള സഹതാപം നിമിത്തം ആയിരുന്നു.

യേശു നമ്മുടെ വേദനകളെ ഉൾക്കൊള്ളുകയും നമ്മുടെ മുറിവുകളെ നമ്മോടൊപ്പം അറിയുകയും ചെയ്യുന്നു. നമ്മുടെ വേദന അവനു നീക്കുവാൻ കഴിയുന്നില്ലെങ്കിൽ, അവൻ നമ്മോടു കൂടെ അതു പങ്കിടും.

ഒരു ചെറിയ പെൺകുട്ടി കളിക്കുവാൻ പോയി മടങ്ങി വന്നപ്പോൾ താമസിച്ചുപോയി. അവളുടെ അമ്മ ചോദിച്ചു, “നീ എവിടെയായിരുന്നു ഇതുവരെ”? അവൾ മറുപടി പറഞ്ഞു, “ഞാൻ എന്റെ കൂട്ടുകാരിയെ സഹായിച്ചുകൊണ്ടിരുന്നു. അവൾ അവളുടെ കളിപ്പാട്ടം പൊട്ടിച്ചതുകൊണ്ട്, ഞാൻ അവളെ സഹായിക്കുകയായിരുന്നു.” അവളുടെ അമ്മ പറഞ്ഞു, “നിനക്കു അവളുടെ കളിപ്പാട്ടം ശരിയാക്കുവാൻ കഴിഞ്ഞോ, ഇല്ലല്ലോ?” “ഇല്ല,” എന്ന് ആ കൊച്ചു പെൺകുട്ടി മറുപടി പറഞ്ഞു, “പക്ഷെ അവൾ കരഞ്ഞപ്പോൾ ഞാനും അടുത്തിരുന്നു കരഞ്ഞു.” യേശു തന്റെ ശിഷ്യന്മാരൊത്തു കരയുന്നു എന്നറിയുന്നതു എത്ര ആശ്വാസകരമാണ്!

## III. നമ്മുടെ വേദനയിൽ പിതാവു ദുഃഖിക്കുന്നുണ്ട്

ദൈവം എങ്ങനെയിരിക്കും എന്നു പിതാവിനെ വെളിപ്പെടുത്തിക്കൊണ്ട് യേശു കാണിച്ചു തരികയാണ്. യോഹന്നാൻ പറഞ്ഞു, “ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന, ഏകജാതനായ പുത്രൻ, അവനെ വെളിപ്പെടുത്തിയിരിക്കുന്നു” (യോഹന്നാൻ 1:18).

ഭൂമിയിലെ ഹൃദയ വേദനകളിൽ സ്വർഗ്ഗം സ്പർശിക്കുമോ? യേശുവിന്റെ പ്രവൃത്തികൾ, “അതെ!” എന്ന മറുപടി നല്കുന്നു. സത്യം നല്ല രീതിയിൽ വിവരിക്കുവാൻ കഴിയുന്നത് ഒരു മാതൃകയിൽ അവതരിപ്പിക്കുമ്പോഴാണെന്ന് ആരോ പറയുകയുണ്ടായി. നിങ്ങളുടെ കണ്ണുനീരിൽ അവനു ദുഃഖമുള്ളതായി തന്റെ ഉദാഹരണത്താൽ കാണിക്കുകയാണ് ദൈവം യേശുവിനെ ഇവിടേക്ക് അയച്ചപ്പോൾ.

ബൈബിൾ ക്ലാസിലെ ആവശ്യത്തിനു എളുപ്പം മനപ്പാഠം പഠിക്കാൻ കുട്ടികൾ എടുത്ത് ഉദ്ധരിക്കുന്ന വാക്യമാണ് യോഹന്നാൻ 11:35. അവർ വളരെ പെട്ടെന്ന് പറയും, “യേശു കണ്ണുനീർ വാർത്തു!” അവർ പറയുന്നതു വാസ്തവത്തിൽ മനസ്സിലാക്കിയിരിക്കയില്ല. ബൈബിളിലെ മഹത്തായ വാക്യങ്ങളിൽ ഒന്നാണ് യോഹന്നാൻ 11:35! അതു യേശുവിന്റെ കരുതൽ നമുക്കു കാണാവുന്ന വാതിൽ ആണ്. നമ്മുടെ നഷ്ടങ്ങളെ യേശു കാണുകയും സഹതപിക്കുകയും ചെയ്യുന്നു എന്ന് ആ വാക്യം പറയുന്നു. പിതാവു നമ്മുടെ വേദനയിൽ ദുഃഖിക്കുന്നു എന്നാണ് അതു പറയുന്നതു!

യേശുവിന്റെ കണ്ണുനീർ എത്ര ആശ്വാസകരമാണ്!